**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2099** **05-02-2026-ൽ മറുപടിയ്ക്ക്**

**ലോക കേരളസഭ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ബഷീർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് ലോക കേരള സഭ എന്നാണ് ആരംഭിച്ചതെന്നും നാളിതു വരെയായി എത്ര ലോക കേരള സഭകൾ നടന്നുവെന്നും ആയത് എവിടെ വെച്ചെല്ലാമായിരുന്നുവെന്നും ഓരോ ലോക കേരള സഭയുടെ നടത്തിപ്പിനും അതിനുശേഷം നടന്ന പ്രാദേശിക സമ്മേളനങ്ങൾക്കുമായി സംസ്ഥാന സർക്കാർ ചെലവാക്കിയ ആകെ തുക എത്രയാണെന്നും അറിയിക്കുമോ;

**മറുപടി:** ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളെ ഒരുമിപ്പിക്കുന്ന ലോക കേരള സഭയുടെ ആദ്യ സമ്മേളനം സംഘടിപ്പിച്ചത് 2018 ജനുവരിയിലാണ്. ലോക കേരള സഭയുടെ അഞ്ച് സമ്മേളനങ്ങളാണ് നാളിതുവരെയായി സംഘടിപ്പിച്ചിട്ടുള്ളത്. നിയമസഭാ സമുച്ചയത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിലാണ് സഭാ സമ്മേളനങ്ങൾ ചേർന്നിരുന്നത്. അഞ്ച് സമ്മേളനങ്ങളും അവയുടെ തീയതികളും ചുവടെ ചേർക്കുന്നു.

- ഒന്നാം സമ്മേളനം :-- 2018 ജനുവരി 12, 13
- രണ്ടാം സമ്മേളനം :- 2020 ജനുവരി 1, 2, 3
- മൂന്നാം സമ്മേളനം :- 2022 ജൂൺ 16, 17, 18
- നാലാം സമ്മേളനം :- 2024 ജൂൺ 14, 15
- അഞ്ചാം സമ്മേളനം :- 2026 ജനുവരി 29, 30, 31

ലോക കേരള സഭയുടെ മൂന്ന് മേഖലാ സമ്മേളനങ്ങളാണ് നാളിതുവരെ യുഎഇ, യുകെ, യുഎസ്എ എന്നിവിടങ്ങളിലായി നടത്തിയിട്ടുള്ളത്. ഈ സമ്മേളനങ്ങൾ പൂർണ്ണമായും പ്രവാസി മലയാളികളുടെ ആഭിമുഖ്യത്തിലാണ് സംഘടിപ്പിച്ചിട്ടുള്ളത്.

ചെലവുകൾ

ലോക കേരള സഭയുടെ ഒന്നാം സമ്മേളനത്തിനായി 2,03,21,861/- (രണ്ട് കോടി മൂന്ന് ലക്ഷത്തി ഇരുപത്തൊന്നായിരത്തി എണ്ണൂറ്റി അറുപത്തൊന്നു രൂപ) രൂപയും രണ്ടാം സമ്മേളനത്തിനായി 1,21,68,733/- (ഒരു കോടി ഇരുപത്തൊന്ന് ലക്ഷത്തി അറുപത്തെണ്ണായിരത്തി എഴുന്നൂറ്റി മുപ്പത്തിമൂന്നു രൂപ) രൂപയും മൂന്നാം സമ്മേളനത്തിനായി 1,14,49,533/- (ഒരു കോടി പതിനാല് ലക്ഷത്തി നാല്പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിമൂന്നു രൂപ) രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. നാലാം സമ്മേളനത്തിനായി 37,00,099/- (മുപ്പത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി ഒൻപത് രൂപ) രൂപയുമാണ് ചെലവഴിച്ചത്. അഞ്ചാം സമ്മേളനവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾ ബില്ലുകൾ സമർപ്പിച്ചു വരുന്നു. മേഖലാ സമ്മേളനവുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് രാജ്യങ്ങളിലെ പ്രവാസി

മലയാളികളും സംഘടനകളും ചേർന്നാണ് വഹിക്കുന്നത്. മേഖലാ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ പണം ചെലവഴിച്ചിട്ടില്ല.

**(ബി)** ഓരോ സഭയിലും പങ്കെടുത്ത പ്രതിനിധികളുടെ ആകെ എണ്ണം എത്രയാണ്; രാജ്യം, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ എന്നിവ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ലോക കേരള സഭയുടെ നാല് സമ്മേളനങ്ങളിൽ പങ്കെടുത്ത പ്രവാസി പ്രതിനിധികളുടെ എണ്ണം

| മേഖല | പങ്കെടുത്തവരുടെ എണ്ണം | | | |
|---|---|---|---|---|
| | **2018** | **2020** | **2022** | **2024** |
| മറ്റു സംസ്ഥാനങ്ങൾ | 33 | 65 | 62 | 67 |
| ജിസിസി | 67 | 93 | 114 | 59 |
| ഏഷ്യ – പസഫിക് | 11 | 21 | 24 | 31 |
| അമേരിക്ക | 21 | 27 | 21 | 35 |
| യൂറോപ്പ് | 18 | 20 | 27 | 46 |
| ആഫ്രിക്ക | 5 | 11 | 14 | 20 |
| തിരിച്ചെത്തിയവർ | 12 | 12 | 28 | 26 |
| **ആകെ** | **167** | **249** | **290** | **284** |

**(സി)** ഇതുവരെ നടന്ന ലോക കേരള സഭകളിലെ ചർച്ചകളുടെ ഫലമായി കേരളത്തിൽ ഏതെങ്കിലും തരത്തിലുള്ള നിക്ഷേപങ്ങളോ വികസന പദ്ധതികളോ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

**<u>മറുപടി:</u>** ലോക കേരള സഭാ സമ്മേളനങ്ങളുടെ ഭാഗമായി നിക്ഷേപങ്ങൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. എന്നാൽ കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് (OKIHL) രൂപവത്ക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/ സംസ്ഥാന പാതയോരത്തെ way side amenities പ്രൊജക്റ്റ്. Reststop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ OKIHL മുഖേന നടന്നു വരുന്നു.

**(ഡി)** ഈ വർഷത്തെ ലോക കേരള സഭ എന്നു മുതലാണ് ആരംഭിക്കുന്നത്; ഇതിനായി എത്ര തുകയാണ് ചെലവിടുന്നത്; എത്ര പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്; ലോക കേരള സഭയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ലോക കേരള സഭയുടെ അഞ്ചാം സമ്മേളനം 2026 ജനുവരി 29, 30, 31തീയതികളിലാണ് സംഘടിപ്പിച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷത്തിൽ, ലോക കേരള സഭയ്ക്കായി 2 കോടി രൂപയുടെ

ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ലോക കേരള സഭാ സമ്മേളനത്തിനായി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സമ്മേളനവുമായി ബന്ധപ്പെട്ട ചെലവുകളുടെ വിവരം അന്തിമമായിട്ടില്ല.

ലോക കേരള സഭയുടെ അഞ്ചാം സമ്മേളനത്തിൽ എം.എൽ.എമാർ, എം.പി.മാർ, പ്രവാസി പ്രതിനിധികൾ ഉൾപ്പെടെ 350 അംഗങ്ങളുണ്ട്.

ലോകമെമ്പാടുമുള്ള കേരളീയരുടെ കൂട്ടായ്മയും സഹകരണവും ഉറപ്പുവരുത്തുന്നതിനായി കേരള സർക്കാർ രൂപീകരിച്ച സുപ്രധാനമായ ഒരു വേദിയാണ് ലോക കേരള സഭ. കേവലം ഒരു ചർച്ചാ സമ്മേളനം എന്നതിലുപരി, വിദേശത്തും മറ്റ് സംസ്ഥാനങ്ങളിലും വസിക്കുന്ന മലയാളി പ്രവാസികളുടെ വൈദഗ്ധ്യവും അനുഭവസമ്പത്തും നാടിന്റെ പുരോഗതിക്കായി ക്രിയാത്മകമായി പ്രയോജനപ്പെടുത്തുക എന്നതാണ് ഈ സഭയുടെ അടിസ്ഥാനപരമായ ഉദ്ദേശ്യം. നിയമസഭാ സാമാജികരും പാർലമെന്റ് അംഗങ്ങളും പ്രവാസി പ്രതിനിധികളും ഒത്തുചേരുന്ന ഈ ജനാധിപത്യ വേദിയിലൂടെ, പ്രവാസി സമൂഹം നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് നിയമപരവും പ്രായോഗികവുമായ പരിഹാരങ്ങൾ കണ്ടെത്താൻ സർക്കാർ നിരന്തരം ശ്രമിച്ചുവരുന്നു.

കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസന പ്രക്രിയയിൽ വിദേശത്തും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും താമസിക്കുന്ന മലയാളി പ്രവാസികളെ കൂടി പങ്കാളികളാക്കുക, പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ - തൊഴിൽപരമായ പ്രയാസങ്ങൾ, നിയമസഹായം, നാട്ടിലേക്ക് തിരിച്ചെത്തുന്നവരുടെ പുനരധിവാസം എന്നിവ - ചർച്ച ചെയ്യുക, പരിഹാരങ്ങൾ നിർദ്ദേശിക്കുക, വിവിധ മേഖലകളിൽ വിദേശത്ത് വൈദഗ്ധ്യം തെളിയിച്ച മലയാളി പ്രൊഫഷണലുകളുടെയും സംരംഭകരുടെയും അറിവും അനുഭവസമ്പത്തും കേരളത്തിന്റെ വികസന പദ്ധതികളിൽ പ്രയോജനപ്പെടുത്തുക, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികൾക്കിടയിൽ സാംസ്കാരികവും വൈജ്ഞാനികവുമായ വിനിമയം സാധ്യമാക്കുക, പ്രവാസികളുടെ ക്ഷേമത്തിനായി സർക്കാരിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുക, പ്രവാസി നയങ്ങൾ രൂപീകരിക്കുന്നതിൽ നിർണ്ണായക പങ്ക് സാധ്യമാക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

**സെക്ഷൻ ഓഫീസർ**